# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
**ചോദ്യം നമ്പർ: 7424**

14-07-2014 ൽ മറുപടിയ്ക്ക്

## നാട്ടിക മണ്ഡലത്തിലെ ജയന്തി കോൾ പടവ് കൃഷിക്കാരുടെ പ്രശ്നങ്ങൾ

**ചോദ്യം**

ശ്രീമതി.ഗീതാ ഗോപി

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | നാട്ടിക നിയോജകമണ്ഡലത്തിലെ ചാഴൂർ പഞ്ചായത്തിൽപ്പെടുന്ന ജയന്തി കോൾ പടവിലെ നെൽകൃഷിക്കാർ എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; കെട്ടിക്കിടക്കുന്ന നെല്ലിന് താങ്ങുവില നൽകി ഏറ്റെടുക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്നറിയിക്കുമോ; | (എ) | നാട്ടിക നിയോജകമണ്ഡലത്തിലെ ചാഴൂർ പഞ്ചായത്തിൽപ്പെടുന്ന ജയന്തി കോൾ പടവിലെ നെൽകൃഷിക്കാർ നിവേദനം നൽകിയിട്ടില്ല. നെല്ല് കെട്ടിക്കിടക്കുന്ന വിവരവും ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ നിശ്ചിത ഗുണനിലവാര മാനദണ്ഡപ്രകാരമുള്ള എല്ലാ നെല്ലും സംഭരിച്ചിട്ടുള്ളതായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. |
| (ബി) | നെല്ലിന് സർക്കാർ നിശ്ചയിച്ച താങ്ങുവില നൽകാതെ കർഷകരെ ചൂഷണം ചെയ്യുകയും കബളിപ്പിക്കുകയും ചെയ്യുന്ന സ്വകാര്യ നെല്ലുകുത്ത് കമ്പനികളെയും ഏജന്റുമാരെയും നിയന്ത്രിക്കുന്നതിനും കർഷകർക്ക് ന്യായവില നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | നെൽകർഷകരെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുന്നതിനും നെല്ലിന് ന്യായമായ വില ഉറപ്പാക്കുന്നതിനുമാണ് സംസ്ഥാന സർക്കാർ ഉയർന്നതാങ്ങുവില നൽകി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിലെയും കർഷകരിൽ നിന്നും നെല്ല് സംഭരണം നടത്തുന്നത്. സംസ്ഥാന സർക്കാർ ഇപ്പോൾ നെല്ലിന് നൽകി വരുന്ന താങ്ങുവില കിലോയ്ക്ക് 19 രൂപയാണ്. സംഭരിക്കുന്ന നെല്ലിന്റെ താങ്ങുവില സപ്ലൈകോ നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നുണ്ട്. കൃഷിവകുപ്പിൽ നിന്നും സപ്ലൈകോയിലേയ്ക്ക് നിയമിക്കുന്ന പാഡി മാർക്കറ്റിംഗ് ഓഫീസർമാരുടെ മേൽനോട്ടത്തിൽ, കേന്ദ്ര സർക്കാരിന്റെ നിശ്ചിത ഗുണനിലവാര മാനദണ്ഡ പ്രകാരമുള്ള നെല്ലാണ് സപ്ലൈകോ സംഭരിക്കുന്നത്. |

സെക്ഷൻ ഓഫീസർ